**റൂളിംഗ്**

മി. സ്പീക്കർ: ശ്രീ. സി. ദിവാകരൻ വാക്കൗട്ട് നടത്തി പോയെങ്കിലും ഇവിടെ ഉന്നയിച്ച ക്രമപ്രശ്നത്തിന് ചെയറിന്റെ റൂളിംഗ് ആവശ്യമാണ്.

ബഹുമാനപ്പെട്ട സി. ദിവാകരൻ ഉന്നയിച്ച ക്രമപ്രശ്നം, നമ്മുടെ നിയമസഭാചട്ടം 153(എ)-യിൽ ധനകാര്യ ബില്ലിന്റെ നിർവ്വചനം നൽകിയിട്ടുണ്ട്. ധനകാര്യ ബില്ലെന്നാൽ അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള കേരള ഗവൺമെന്റിന്റെ ധനപരമായ നിർദ്ദേശങ്ങൾക്ക് പ്രഭാവം നൽകുന്നതിനായി അവതരിപ്പിക്കുന്ന ബിൽ എന്നാണ് പറഞ്ഞിട്ടുള്ളത്. അതായത് ഗവൺമെന്റിന്റെ ധനപരമായ പ്രൊപ്പോസൽസ് നടപ്പിലാക്കുന്നതിനുള്ള ഒരു ബില്ലാണ് ധനകാര്യ ബിൽ. 2015 മാർച്ച് 13-ാം തീയതി സഭയിൽ അവതരിപ്പിച്ച ബഡ്ജറ്റിലെ ധനപരമായ ഒരു നിർദ്ദേശമായിരുന്നു നേരത്തെ നികത്തിയ നെൽവയലുകൾ ഫീസ് ഈടാക്കിക്കൊണ്ട് പരിവർത്തനത്തെ ക്രമവൽക്കരിക്കുകയെന്നത്. ഈ നിർദ്ദേശം നടപ്പിലാക്കുന്നതിനായി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട ആക്ടിൽ ഭേദഗതി വരുത്തുന്നതിനായി 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ കൊണ്ടുവന്നത്. ഈ ബിൽ പതിമൂന്നാം സമ്മേളനകാലത്ത് സഭയിൽ അവതരിപ്പിക്കുകയും 22.07.2015-ൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക്

അയയ്ക്കുകയും ചെയ്ത ബില്ലാണ്. ബിൽ സംബന്ധിച്ച് എന്തെങ്കിലും തടസ്സവാദങ്ങളുണ്ടെങ്കിൽ അത് ഉന്നയിക്കേണ്ടിയിരുന്നത് ജൂലൈ 22-ാം തീയതിയായിരുന്നു. ബിൽ പാസ്സായി, ഗവർണ്ണറുടെ അനുമതിക്കായി അയയ്ക്കുകയും, ഗവർണ്ണറുടെ അനുമതി ലഭിക്കുകയും ചെയ്ത സാഹചര്യത്തിലും ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിലും ഇതുസംബന്ധിച്ച് ഇപ്പോൾ തടസ്സവാദമുന്നയിക്കുവാൻ കഴിയുകയില്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.